(ബി) ഈ പ്രദേശങ്ങളിലെ വെള്ളപ്പൊക്കം നിയന്ത്രണവിധേയമാണോ;

(സി) ഈ പ്രദേശങ്ങളിലെ വെള്ളപ്പൊക്കം പൂർണ്ണമായും ഒഴിവാക്കുന്നതിന് ആഗോള ടെണ്ടർ വിളിച്ച് വിദഗ്ദ്ധൻമാരെക്കൊണ്ട് പഠനം നടത്തിച്ച് ഒരു റിപ്പോർട്ട് വാങ്ങി അനന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) തമ്പാനൂർ-കിഴക്കേക്കോട്ട പ്രദേശങ്ങളിൽ മഴ പെയ്യുമ്പോഴുണ്ടാകുന്ന വെള്ളപ്പൊക്കം ഒഴിവാക്കാൻ പൊതുമരാമത്ത് വകുപ്പുവഴി നടപ്പിലാക്കാൻ തീരുമാനിച്ച തമ്പാനൂർ ഭാഗത്തെ കലുങ്കിന്റെ പുനർനിർമ്മാണം, പവ്വർഹൗസ് ഭാഗത്തെ കലുങ്കിന്റെ പുനർനിർമ്മാണം, പഴവങ്ങാടി ഭാഗത്തെ കലുങ്കിന്റെ പുനർനിർമ്മാണം, തകരപ്പറമ്പ് ഭാഗത്തെ കലുങ്കിന്റെ പുനർനിർമ്മാണം എന്നീ പ്രവൃത്തികളിൽ തമ്പാനൂർ പവ്വർഹൗസ് ഭാഗത്തെ കലുങ്കിന്റെ പുനർനിർമ്മാണം പൂർത്തീകരിച്ചു. ജലസേചന വകുപ്പുവഴി നടപ്പിലാക്കാൻ തീരുമാനിച്ച പഴവങ്ങാടി തോട് ബേക്കറി ജംഗ്ഷൻ മുതൽ കണ്ണമ്മൂല വരെ ആഴം കൂട്ടുന്ന പ്രവൃത്തി, പഴവങ്ങാടി തോടിന്റെ കേടുവന്ന സംരക്ഷണവേലി പുനർ നിർമ്മിക്കുന്ന പ്രവൃത്തി, പഴവങ്ങാടിയിലും തമ്പാനൂരിലും ട്രാഷ്റാക്ക് നിർമ്മിക്കുന്ന പ്രവൃത്തി, തമ്പാനൂർ ഭാഗത്ത് തോടിന് കവറിംഗ് സ്ലാബ് ഇടുന്ന പ്രവൃത്തി എന്നിവയിൽ തോടിന്റെ ആഴവും വീതിയും കൂട്ടുന്ന പ്രവൃത്തിയും സംരക്ഷണവേലി പുനർ നിർമ്മിക്കുന്ന പ്രവൃത്തിയും പൂർത്തിയായി. 2004 മാർച്ച് മാസത്തിൽ ഉണ്ടായ തീരുമാനപ്രകാരം കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ കൊണ്ട് പഴവങ്ങാടി തോടിന്റെ ആഴം കൂട്ടി വൃത്തിയാക്കി. ജലവിഭവവകുപ്പ് മുഖേന പൂർത്തീകരിച്ച പണികൾക്ക് 46,79,715 രൂപ ചെലവായിട്ടുണ്ട്.

(ബി) ഇപ്പോൾ നിയന്ത്രണവിധേയമല്ല.

(സി) ഇപ്പോൾ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള എല്ലാ പ്രവൃത്തികളും പൂർത്തിയാക്കുന്നതോടെ വെള്ളപ്പൊക്കം പൂർണ്ണമായും ഒഴിവാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

തിരുവനന്തപുരം നഗരത്തിലെ സ്വീവേജ് ലൈൻ

55 [2524] ശ്രീ. എം. എം. ഹസ്സൻ :
ഡോ. എം. എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നഗരത്തിൽ എത്ര നീളത്തിൽ സ്വീവേജ് ലൈനിട്ടിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) ഇവയെ എത്ര ബ്ലോക്കായി തരംതിരിച്ചിരിക്കുന്നു എന്നും ഇവ ഇട്ടിട്ട് എത്ര കാലമായി എന്നും വ്യക്തമാക്കാമോ;

(സി) കാലാകാലങ്ങളിൽ ഇവയുടെ മെയിന്റനൻസ് നടത്തുന്നുണ്ടോ;

(ഡി) തിരുവനന്തപുരത്ത് മാൻഹോളുകളിലൂടെ സ്വീവേജ് ലൈനിൽ ലീക്ക് ഉണ്ടാകുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) എങ്കിൽ അതിനുള്ള കാരണമെന്തെന്നു പറയുമോ; ഇതിന് എപ്രകാരം പരിഹാരമുണ്ടാക്കാമെന്നാണ് കരുതുന്നത്?

ഉത്തരം

(എ) ഉദ്ദേശം 232 കി.മീ. നീളത്തിൽ.

(ബി) എ, ബി, സി, ഡി, ഇ, എഫ്, ജി എന്നിങ്ങനെ 7 ബ്ലോക്കുകളായി തരംതിരിച്ചിരിക്കുന്നു. ഇതിൽ 'എ' മുതൽ 'ഇ' വരെയുള്ള ബ്ലോക്കുകളിൽ മാത്രമാണ് സ്വീവേജ് ലൈൻ സ്ഥാപിച്ചിരിക്കുന്നത്. 'എ' ബ്ലോക്ക് 60 വർഷവും 'ബി' ബ്ലോക്ക് 40 വർഷവും 'സി' ബ്ലോക്ക് 35 വർഷവും ആയി നിലവിലുണ്ട്. 'ഡി' ബ്ലോക്ക് 1994-2004 ലും 'ഇ' ബ്ലോക്ക് 2004-ലും (ഭാഗികമായി) കമ്മീഷൻ ചെയ്തിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ഉണ്ടാകാറുണ്ട്.

(ഇ) മലിനജലം മാത്രം കടന്നുപോകേണ്ട പൈപ്പുകളിൽ ഖരരൂപത്തിലുള്ള മാലിന്യങ്ങൾ ഒഴുക്കു തടസ്സപ്പെടുത്താറുണ്ട്. ഇത് പലപ്പോഴും മാൻഹോളുകൾ കവിഞ്ഞൊഴുകാനിടയാക്കും. കൂടാതെ ചില സ്ഥലങ്ങളിൽ 35 മുതൽ 60 വർഷം വരെ പഴക്കമുള്ള സ്വീവറുകളാണ് നിലവിലുള്ളത്. അനിയന്ത്രിതമായ ജനബാഹുല്യവും പൈപ്പിന്റെ വ്യാസക്കുറവും മഴവെള്ളം വീടുകളിൽ നിന്നും കടത്തിവിടുന്നതും മാൻഹോളുകൾ കവിഞ്ഞൊഴുകുന്നതിന് കാരണമാകുന്നുണ്ട്. മാൻഹോളുകൾ നിറഞ്ഞു കവിയാൻ നഗരത്തിലെ ബഹുനില കെട്ടിടങ്ങൾ വഹിക്കുന്ന പങ്ക് നിസ്സാരമല്ല.

ജനപ്പെരുപ്പത്തിനനുസരിച്ച് ഡ്രെയിനേജ് സംവിധാനം വിപുലീകരിക്കുകയും (വ്യാസം കുറഞ്ഞ പൈപ്പുകൾ വ്യാസം കൂട്ടുക) ഖരരൂപത്തിലുള്ള മാലിന്യങ്ങളും മഴവെള്ളവും ഡ്രെയിനേജ് സംവിധാനത്തിലേക്ക് കടക്കാതിരിക്കാൻ ജനങ്ങൾ ശ്രദ്ധിക്കുകയുമാണെങ്കിൽ മാൻഹോളുകൾ കവിഞ്ഞൊഴുകുന്നത് ഒരു പരിധിവരെ തടയാവുന്നതാണ്.

തിരുവനന്തപുരം നഗരത്തിൽ ശുദ്ധജലവിതരണ പൈപ്പുകളും ഡ്രെയിനേജു പൈപ്പുകളും ഇട്ടിട്ടുള്ളതിന്റെ പ്ലാൻ

56 [2525] ശ്രീ. ജി. കാർത്തികേയൻ :
,, സി. പി. മുഹമ്മദ് :
,, എൻ. ഡി. അപ്പച്ചൻ :
,, എം. എം. ഹസ്സൻ :

ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നഗരത്തിൽ ശുദ്ധജലവിതരണ പൈപ്പുകളും ഡ്രെയിനേജ് പൈപ്പുകളും ഇട്ടിട്ടുള്ളതിന്റെ പ്ലാൻ വാട്ടർ അതോറിറ്റിയുടെ പക്കൽ ഉണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly